"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഇ8/2210/15/സിഇ/തസ്വഭവ

തീയതി : 05.10.2016

# സർക്കുലർ

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം) - ജീവനക്കാര്യം - പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ (2014-16) ആറാമത് റിപ്പോർട്ടിലെ ശുപാർശ - നടപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന:-1) സർക്കാർ കത്ത് നം. പി.എസ്1/157/2016/തസ്വഭവ തീയതി 29.07.2016.
2) സർക്കാർ കത്ത് നം. 5855/എ.ആർ 13(2)/16/ഉഭപവ തീയതി 18.07.2016.

മേൽ സൂചനകളിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ കത്തുകൾ പ്രകാരം, നിശ്ചിത കാലയളവിൽ അവധിയിൽ നാട്ടിലെത്തുന്ന പ്രവാസികൾക്ക് സർക്കാർ ഓഫീസുമായി ബന്ധപ്പെട്ട് തീർക്കേണ്ട കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകണമെന്നുള്ള പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ (2014-16) ആറാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട് പ്രവാസികളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷയിന്മേൽ അടിയന്തിരമായി തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടി ഈ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസ് മേധാവികളും സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ചീഫ് എൻജിനീയർ

പകർപ്പ്:- (1) സൂപ്രണ്ടിംഗ് എൻജിനീയർമാർ, കോർപ്പറേഷനുകൾ.
(2) സൂപ്രണ്ടിംഗ് എൻജിനീയർ, ഉത്തര/ദക്ഷി മേഖലകൾ.
(3) എക്സിക്യൂട്ടീവ് എൻജിനീയർമാർ, ജില്ലാപഞ്ചായത്തുകൾ.

S1562

**കേരള സർക്കാർ**

നം.5855/എ.ആർ 13(2)/16/ഉഭപവ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(എ.ആർ 13) വകുപ്പ്
തിരുവനന്തപുരം
തീയതി. 18.07.2016

പ്രേഷകൻ

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

എല്ലാ വകുപ്പ് മേധാവികൾക്കും

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16)യുടെ ആറാമത് റിപ്പോർട്ട് - ശുപാർശകളിൻ മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് അയക്കുന്നത് സംബന്ധിച്ച്

സൂചന:- 1. പ്രവാസി കേരളീയ കാര്യ (ബി) വകുപ്പിന്റെ 19.02.2016 ലെ ബി2/19/2016/നോർക്ക നമ്പർ കത്ത്.

2. പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നുള്ള 08.04.2016 ലെ ഇ- 525113/CDN4/16/പൊ.ഭ.വ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് എല്ലാ വകുപ്പുകളുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ഒരു നിശ്ചിത കാലയളവിൽ അവധിയിൽ നാട്ടിലെത്തുന്ന പ്രവാസികൾക്ക് സർക്കാർ ഓഫീസുമായി ബന്ധപ്പെട്ട് തീർപ്പാക്കേണ്ട കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകണമെന്നുള്ള പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16) യുടെ ആറാമത് റിപ്പോർട്ടിലെ 32-ാം ശുപാർശയുടെ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിൽ പ്രവാസികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേഗത്തിൽ തീർപ്പാക്കേണ്ടതാണ് എന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നു

വിശ്വസ്തതയോടെ
കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

32 നിശ്ചിത കാലത്തെ [illegible] ശേഷം നാട്ടിലെത്തുന്ന പ്രവാസികൾക്ക് നിരവധി വിഷയങ്ങൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രവാസികൾക്ക് സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33 നാട്ടിൽ തിരികെയെത്തിയ പ്രവാസിക്ക് 'സാന്ത്വന' പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് ആ പ്രവാസി വിദേശത്ത് ജോലി ചെയ്ത ആകെ കാലയളവ് അല്ലെങ്കിൽ 10 വർഷം, ഇതിൽ ഏതാണോ കുറവ് ആ സമയ പരിധിക്കുള്ളിൽ അപേക്ഷിക്കേണ്ടതാണ് എന്ന മാനദണ്ഡം, വിദേശത്ത് കുറഞ്ഞത് 5 വർഷക്കാലമെങ്കിലും ജോലി ചെയ്തവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബാധകമാക്കേണ്ടതില്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, 'സാന്ത്വന' പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള സമയപരിധി സംബന്ധിച്ച മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34 സാന്ത്വന പദ്ധതി പ്രകാരം പ്രവാസികൾക്ക് വിവാഹധനസഹായമായി ഇപ്പോൾ 15,000/- രൂപ മാത്രമാണ് അനുവദിക്കുന്നതെന്നും ഫണ്ടിന്റെ അപര്യാപ്തതയാണ് ധനസഹായ തുക വർദ്ധിപ്പിക്കാത്തതിനുള്ള കാരണമെന്നും സമിതി മനസ്സിലാക്കുന്നു. പ്രവാസികളുടെ മാത്രമായി ഒരു ലക്ഷം കോടി രൂപയോളം ബാങ്കുകളിൽ നിക്ഷേപമുള്ളതിനാൽ തന്നെ ഇവർക്ക് പ്രത്യേക പരിഗണന നൽകി വിവാഹധനസഹായ തുക കാലോചിതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35 പ്രവാസികൾക്കായുള്ള ക്ഷേമ/പുനരധിവാസ പദ്ധതികളുടെ നടത്തിപ്പിന്റെ മേൽനോട്ടത്തിന് പ്രവാസി സംഘടനകളുടെ പങ്കാളിത്തമുണ്ടായിരിക്കുന്നത് സഹായകരമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, നോർക്ക വകുപ്പിന്റെ കീഴിൽ അംഗീകൃത പ്രവാസി സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. പ്രവാസികളാണെന്ന കാരണത്താൽ നിർദ്ധനരായ പ്രവാസി കുടുംബങ്ങൾക്ക് ബി.പി.എൽ ആനുകൂല്യം ലഭിക്കാതിരിക്കുന്ന സ്ഥിതി നിഷേധമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, പ്രവാസികളുടെ കുടുംബങ്ങളെ അർഹത നോക്കി ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാരംഭനടപടി എന്ന നിലയിൽ ഗ്രാമപഞ്ചായത്തിലെ ആകെ ദരിദ്ര കുടുംബങ്ങൾ [illegible]